File No.HEDN-B3/119/2020-HEDN

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസ വകുപ്പ്- 2020-21 അക്കാദമിക വർഷം കോവിഡ് 19 ന്റെ വ്യാപനത്തെത്തുടർന്നുണ്ടായ സാഹചര്യത്തിൽ കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അനുവദനീയ സീറ്റുകളിലേക്ക് വർദ്ധനവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉന്നത വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.748/2020/ഉ.വി.വ തീയതി,തിരുവനന്തപുരം, 09/06/2020

---

<u>ഉത്തരവ്</u>

2020-21 അക്കാദമിക വർഷം കേരളത്തിലെ സർവ്വകലാശാലകളോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ കോവിഡ് 19 ന്റെ വ്യാപനത്തെത്തുടർന്നുണ്ടായ സവിശേഷ സാഹചര്യത്തിൽ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനായെത്തിയേക്കാവുന്ന അപേക്ഷകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സർവ്വകലാശാലകളുടെ നാക്(NAAC)/എൻ.ഐ.ആർ.എഫ്(NIRF) റാങ്കിംഗുകളിലെ മികച്ച പ്രകടനവും സമയബന്ധിതമായ ഫലപ്രഖ്യാപനവും വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി സംസ്ഥാനത്തെ സർവ്വകലാശാലകൾ തെരഞ്ഞെടുക്കുന്നതിന് കാരണമായിട്ടുണ്ട്.

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കേരളത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിനായി സംസ്ഥാനത്തിനു പുറത്തുള്ള സ്ഥാപനങ്ങളിൽ പ്രവേശനം തേടുന്നതിനുള്ള സാധ്യത കുറവാകാൻ സാധ്യതയുണ്ടെന്നിരിക്കെ, സംസ്ഥാനത്തെ മുഴുവൻ ആർട്സ് & സയൻസ് കോളേജുകളിലും ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അനുവദനീയ സീറ്റുകളിലേക്ക്, കോളേജുകളുടെ സൗകര്യമനുസരിച്ച്, 2020-21 അക്കാദമിക വർഷത്തേക്ക് താഴെപ്പറയും പ്രകാരം വർദ്ധനവിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ബിരുദ പ്രോഗ്രാമുകൾക്ക് പരമാവധി 70 സീറ്റ് വരെ വർദ്ധനവ് നൽകാവുന്നതാണ്.
2. സയൻസ് വിഷയങ്ങൾക്ക് പരമാവധി 2 5 സീറ്റുകൾ എന്ന രീതിയിലും ആർട്സ്, കോമേഴ്സ് വിഷയങ്ങൾക്ക് പരമാവധി 3 0 സീറ്റുകൾ എന്ന രീതിയിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് വർദ്ധനവ് നൽകാവുന്നതാണ്.
3. ഏതെങ്കിലും പ്രോഗ്രാമിൽ ഇതിൽ കൂടുതൽ സീറ്റുകൾ നിലവിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ അത് തുടർന്നും ലഭ്യമാക്കാവുന്നതാണ്.
4. ബന്ധപ്പെട്ട കോളേജുകൾക്ക് അധിക സീറ്റ് വേണമോ എന്നു തീരുമാനിക്കാവുന്നതാണ്.

5. സർവ്വകലാശാലകൾ എത്രയും പെട്ടെന്നു തന്നെ കോളേജുകളുടെ സൗകര്യമനുസരിച്ച്, നിലവിലുള്ള നിയമപ്രകാരവും സർക്കാരിനു അധിക ധനബാധ്യത ഉണ്ടാവാത്ത രീതിയിലും അധിക സീറ്റുകൾ ഈ അക്കാദമിക വർഷം തന്നെ അനുവദിക്കുകയും ഇത് ഈ വർഷത്തെ അലോട്ട്മെന്റിൽ പ്രവേശനത്തിനായി ഉൾപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ഉഷ ടൈറ്റസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

എല്ലാ യൂണിവേഴ്സിറ്റി രജിസ്ട്രാർമാർക്കും

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്

വിവര പൊതുജന സമ്പർക്ക വകുപ്പ്
www.highereducation.kerala.gov.in

ഓഫീസ് കോപ്പി /സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ